| പതിനാലാം കേരള നിയമസഭ<br>പതിനൊന്നാം സമ്മേളനം | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത<br>നിയമസഭാ ചോദ്യം നമ്പർ 3821 | 21/06/2018 ൽ<br>മറുപടിക്ക് |

**കണ്ടറയിലെ സിറാമിക് ലിമിറ്റഡ് കമ്പനി**

| ചോദ്യം<br>ശ്രീ.വി.എസ്.ശിവകുമാർ | | മറുപടി<br>ശ്രീ.എ.സി.മൊയ്തീൻ<br>(വ്യവസായവും കായികവും യുവജനകാര്യവും വകുപ്പ് മന്ത്രി) | |
|---|---|---|---|
| എ) | കണ്ടറയിലെ സിറാമിക് ലിമിറ്റഡ് കമ്പനിയുടെ പ്ലാന്റ് നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; | എ) | കണ്ടറയിലെ സിറാമിക് ലിമിറ്റഡ് കമ്പനിയുടെ പ്ലാന്റ് നവീകരണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. |
| ബി) | പെയിന്റ് നിർമ്മാതാക്കൾക്ക് ആവശ്യമുള്ള നിലവാരം കൂടിയ ക്ലേ പ്രസ്തുത ഫാക്ടറിയിൽ ഉല്പാദിപ്പിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) | ഉണ്ട്. പ്രസ്തുത പദ്ധതിയ്ക്ക് 04/05/2018 ലെ സ.ഉ(സാധാ) 503/2018/വ്യവ നമ്പർ ഉത്തരവു പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| സി) | പ്രസ്തുത ഫാക്ടറിയുടെ പ്രവർത്തന ഇന്ധനം പ്രകൃതി വാതകമാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; പ്രകൃതി വാതകം ഉപയോഗിക്കുന്നതുമൂലം ഇന്ധനചെലവിൽ എന്ത് വ്യത്യാസം ഉണ്ടാകുമെന്നാണ് കണക്കാക്കുന്നത്; | സി) | ഉണ്ട്. പ്രകൃതി വാതകം ഉപയോഗിക്കുന്നതുമൂലം ഇന്ധനചെലവിൽ ഏകദേശം 50 മുതൽ 60 ശതമാനം വരെ കുറവ് പ്രതീക്ഷിക്കുന്നു. |
| ഡി | പ്ലാന്റിന് ആവശ്യമായ കളിമണ്ണ് ലഭ്യമാക്കുന്നതിന് മൈനിംഗ് നടത്തുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | ഡി | പ്ലാന്റിന് ആവശ്യമായ കളിമണ്ണ് ലഭ്യമാക്കുന്നതിന് മൈനിംഗ് നടത്തുന്നതിനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ട്. മൈനിംഗ് & ജിയോളജി വകുപ്പിന്റെ പഠനത്തിൽ കളിമൺ നിക്ഷേപം ഉണ്ടെന്ന് കണ്ടെത്തിയ 4.32 ഏക്കർ സ്ഥലം ഏറ്റെടുക്കാനുള്ള പദ്ധതി നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ